ഖത്തർ അംബാസഡർ മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി

കൊച്ചി /ദോഹ: ഖത്തർ അംബാസഡർ മുഹമ്മദ് ബിൻ ഹസൻ ജാബിർ അൽ ജാബിർ മുഖ്യമന്ത്രി വി.ഡി സതീശനുമായി കൊച്ചിയിൽവെച്ച് കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ഖത്തറും തമ്മിലുള്ള സഹകരണ ബന്ധങ്ങൾ ചർച്ചയായതായി ക്യു.എൻ.എ റിപ്പോർട്ട് ചെയ്തു. ഖത്തറിൽ നാല് ലക്ഷത്തോളം മലയാളി പ്രവാസികളാണുള്ളത്. തൊഴിൽ, വ്യാപാരം, നിക്ഷേപം തുടങ്ങിയ മേഖലകളിൽ നിരവധിയാർന്ന പ്രവാസി സമൂഹം പ്രവർത്തിക്കുന്നുണ്ട്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 193 2026 ഒക്ടോബർ 26 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

'പാവപ്പെട്ട കുട്ടികൾക്ക് മരുന്ന് വിലകുറച്ച് വിറ്റതിൽ എന്താ കുഴപ്പം'; സഭയിൽ ആരോഗ്യ വകുപ്പിനെ പ്രശംസിച്ച് മുഖ്യമന്ത്രി

തിരു : ഇന്ത്യൻ നിർമിത എസ്എംഎ മരുന്ന് വിൽപ്പനയിൽ പ്രതിപക്ഷ ആരോപണം തള്ളി മുഖ്യമന്ത്രി വി ഡി സതീശൻ. പാവപ്പെട്ട കുട്ടികൾക്ക് മരുന്ന് വിലകുറച്ച് വിറ്റതിന് എന്താ കുഴപ്പമെന്ന് നിയമസഭയിൽ ചോദിച്ച അദ്ദേഹം ആരോഗ്യ വകുപ്പിനെ പ്രശംസിക്കുകയും ചെയ്തു. 12 ദിവസത്തെ മരുന്നിന് ആറരലക്ഷത്തിന് പകരം 15,000 രൂപ ആയതാണോ പ്രതിപക്ഷത്തിന് കുഴപ്പമെന്നും അദ്ദേഹം ചോദിച്ചു.

സുപ്രീം കോടതി പോലും അംഗീകരിച്ച ഇന്ത്യൻ നിർമിത മരുന്നാണിതെന്നും ഗുണനിലവാരത്തിൽ യാതൊരു ആശങ്കയുമില്ലെന്നും വി ഡി സതീശൻ വ്യക്തമാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മരുന്ന് വാങ്ങിയതിൽ 50 കോടി ഇനിയും കമ്പനികൾക്ക് കൊടുക്കാനുണ്ടെന്ന് ആരോഗ്യമന്ത്രി കെ മുരളീധരനും സഭയിൽ ചൂണ്ടിക്കാട്ടി. വരും ദിവസങ്ങളിലും എസ്എംഎ മരുന്ന് വില കുറച്ച് തന്നെ വിതരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

'അത് അതിന്റെ ആളോട് ചോദിക്ക്'

കണ്ണൂർ: വൈദേകം റിസോർട്ടുമായി ബന്ധപ്പെട്ട ചോദ്യങ്ങളിൽനിന്ന് ഒളിച്ചോടി സി.പി.എം കേന്ദ്രകമ്മിറ്റിയംഗം ഇ.പി. ജയരാജൻ. വൈദേകം റിസോർട്ടുമായി ബന്ധപ്പെട്ട് ഒമ്പത് കോടിയുടെ ആരോപണം ഉണ്ടല്ലോ എന്ന് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ 'അത് അതിന്റെ ആളോട് ചോദിക്ക്, അവരോട് ചോദിക്ക്' എന്നായിരുന്നു ഇ.പിയുടെ മറുപടി. അതുവരെ മാധ്യമപ്രവർത്തകരോട് സംസാരിച്ചുകൊണ്ടിരുന്ന ജയരാജൻ, ഈ ചോദ്യം വന്നതോടെ മറുപടി പറയാൻ തയറാകാതെ അതിവേഗം കാറിൽ കയറി.

അമിത് ഷായെക്കെതിരായ പരാമർശം: അപകീർത്തിക്കേസിൽ
രാഹുൽ ഗാന്ധി കുറ്റവിമുക്തൻ

ലക്നൊ: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായെക്കുറിച്ച് നടത്തിയ പരാമർശവുമായി ബന്ധപ്പെട്ട അപകീർത്തിക്കേസിൽ ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ കുറ്റവിമുക്തനാക്കി. ഉത്തർപ്രദേശിലെ സുൽത്താൻപുരിലെ എം.പി./എം.എൽ.എ പ്രത്യേക കോടതിയാണ് വിധി പ്രസ്താവിച്ചത്. വിധി കേൾക്കാൻ രാഹുൽ ഗാന്ധി കോടതിയിൽ നേരിട്ട് ഹാജരായിരുന്നു. അമിത് ഷായെ കൊലക്കേസ് പ്രതിയെന്ന് വിളിച്ച് അപകീർത്തിപ്പെടുത്തിയെന്നായിരുന്നു രാഹുൽ ഗാന്ധിക്കെതിരായ പരാതി. എന്നാൽ, രാഹുൽ ഗാന്ധിയുടെ പരാമർശത്തിൽ അപകീർത്തികരമായി ഒന്നുമില്ലെന്ന് വിധി പ്രസ്താവിച്ച അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ശുഭം വർമ നിരീക്ഷിച്ചു.

2018ൽ കർണാടക നിയമസഭാ തിരഞ്ഞെടുപ്പിനിടെ നടത്തിയ വാർത്താസമ്മേളനത്തിലെ പരാമർശമാണ് കേസിനാധാരം. അന്ന് ബിജെപി ദേശീയ അധ്യക്ഷനായിരുന്ന അമിത് ഷായെക്കുറിച്ച്, കൊലക്കുറ്റം ആരോപിക്കപ്പെട്ട ഒരാൾ ബിജെപിയുടെ തലപ്പത്തിരിക്കുന്നുവെന്നായിരുന്നു രാഹുൽ ഗാന്ധിയുടെ പരാമർശം. സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസുമായി ബന്ധപ്പെട്ടായിരുന്നു പ്രതികരണം. സംഭവത്തിൽ ബിജെപി ജില്ലാ വൈസ് പ്രസിഡന്റായിരുന്ന വിജയ് മിശ്ര നൽകിയ പരാതിയിലാണ് സുൽത്താൻപുരിലെ പ്രത്യേക കോടതി കേസെടുത്തത്.

അപകീർത്തിക്കേസിൽ വിധി കേൾക്കാൻ സുൽത്താൻപുർ കോടതിയിലേക്ക് പോകുന്നതിനിടെ രാഹുൽ ഗാന്ധിയുടെ വാഹനവ്യൂഹം അപകടത്തിൽപ്പെട്ടു. ലഖ്നൗ വിമാനത്താവളത്തിൽനിന്ന് സുൽത്താൻപുരിലേക്ക് പോകുകയായിരുന്ന വാഹനവ്യൂഹം പൂർവാഞ്ചൽ എക്സ്പ്രസ്വേയിൽ വെച്ചാണ് അപകടത്തിൽപ്പെട്ടത്. രാഹുൽ ഗാന്ധിയുടെ വാഹനവ്യൂഹത്തിന് പിന്നിലുണ്ടായിരുന്ന അഞ്ച് അകമ്പടി വാഹനങ്ങളും ഒരു ആംബുലൻസും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. ഒരു വാഹനം അപ്രതീക്ഷിതമായി ബ്രേക്ക് ചെയ്തതാണ് അപകടത്തിന് കാരണമായതെന്നാണ് പ്രാഥമിക വിവരം. അപകടത്തിൽ ഏതാനും സുരക്ഷാ ഉദ്യോഗസ്ഥർക്കും കോൺഗ്രസ് പ്രവർത്തകർക്കും നിസാര പരുക്കേറ്റു.

2018 ഓഗസ്റ്റ് 4-നാണ് വിജയ് മിശ്ര രാഹുൽ ഗാന്ധിക്കെതിരെ പരാതി നൽകിയത്. 2024 ഫെബ്രുവരിയിൽ രാഹുൽ ഗാന്ധി കോടതിയിൽ കീഴടങ്ങുകയും ജാമ്യം നേടുകയും ചെയ്തിരുന്നു. 2024 ജൂലൈയിൽ അദ്ദേഹത്തിന്റെ മൊഴി രേഖപ്പെടുത്തുകയും, വാദനടപടികൾക്കിടയിൽ പരാതിക്കാരനെയും മറ്റ് സാക്ഷികളെയും കോടതി വിസ്തരിക്കുകയും ചെയ്തു.

2026 ഒക്ടോബർ 6ന് കേസിലെ വാദമുഖങ്ങൾ ആരംഭിക്കുകയും ഒക്ടോബർ 12-ന് പൂർത്തിയാകുകയും ചെയ്തു. ഒക്ടോബർ 26-നാണ് കോടതി വിധി പറയാനായി മാറ്റിവെച്ചിരുന്നത്.

പുതിയ കാറിൽനിന്ന് അസ്വാഭാവിക ശബ്ദം; പരിഹരിച്ച് നൽകിയില്ല, ഒന്നരലക്ഷം നഷ്ടപരിഹാരം നൽകാൻ വിധി

ന്യൂഡൽഹി: പുതിയതായി വാങ്ങിയ കാറിൽ നിന്നുള്ള അസാധാരണമായ ശബ്ദം (നോക്കിങ് സൗണ്ട്) പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രശ്നം പരിഹരിച്ച് നൽകാതിരുന്ന കാർ കമ്പനിയും ഡീലറും ഒന്നര ലക്ഷത്തിലധികംരൂപ നഷ്ടപരിഹാരം നൽകാൻ ഉപഭോക്തൃ കമ്മീഷന്റെ വിധി. കാർ നിർമ്മാതാവ് 1.5 ലക്ഷം രൂപയും ഡീലർഷിപ്പ് 15,000 രൂപയും നഷ്ടപരിഹാരം നൽകണമെന്നാണ് ഡൽഹി കൺസ്യൂമർ കമ്മീഷൻ ഉത്തരവിട്ടിട്ടുള്ളത്.

ആവർത്തിച്ച് ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെട്ടത് ഗുരുതര വീഴ്ചയും അനുചിതമായ വ്യാപാര രീതിയുമാണെന്ന് സൗത്ത് ഡൽഹി II ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ കണ്ടെത്തിയതായി ദി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ടു ചെയ്യുന്നു.

കാർ 1,408 കിലോമീറ്റർ പിന്നിട്ടപ്പോൾ ശബ്ദം, 2019 ഏപ്രിലിലാണ് ഉപഭോക്താവ് 8.26 ലക്ഷം രൂപയ്ക്ക് പുതിയ കാർ വാങ്ങിയത്.

ഏകദേശം 1,408 കിലോമീറ്റർ ഓടിയതിന് ശേഷം ഗിയർ മാറ്റുമ്പോൾ വാഹനത്തിൽ അസാധാരണമായ തട്ടുന്ന ശബ്ദം കേൾക്കാൻ തുടങ്ങി.

ആദ്യ സർവീസിനിടയിൽ ഈ പ്രശ്നം ചൂണ്ടിക്കാണിച്ചെങ്കിലും പ്രശ്നം പരിഹരിക്കപ്പെടാതെ തുടർന്നു. 2019 ഒക്ടോബറിൽ അദ്ദേഹം നിർമ്മാതാവിന്റെ കസ്റ്റമർ സപ്പോർട്ട് ടീമിന് ഓൺലൈനായി പരാതി നൽകുകയും തുടർന്ന് പരിഹാരം തേടി നിരവധി ഇമെയിലുകൾ അയക്കുകയും ചെയ്തു.

പരാതിക്കാരന്റെ വസതിയിലെത്തി നിർമ്മാതാവിന്റെ വിദഗ്ദ്ധർ രണ്ട് തവണ വാഹനം പരിശോധിച്ചു. എങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. വാഹനത്തിന് നിർമ്മാണ തകരാറില്ലെന്ന് നിർമ്മാതാവ് വാദിക്കുകയും ശബ്ദത്തിന് കാരണം ഡ്രൈവിങ് ശീലങ്ങളാണെന്ന് ആരോപിക്കുകയും ചെയ്തതായി പരാതിക്കാരൻ പറയുന്നു.

ഈ ആരോപണം ഉന്നയിച്ചുകൊണ്ട് നിർമ്മാതാവ് അയച്ച ഇമെയിലും അദ്ദേഹം കൺസ്യൂമർ കമ്മീഷനിൽ സമർപ്പിച്ചു. കാർ വാങ്ങാൻ ചെലവഴിച്ച മുഴുവൻ തുകയും പലിശയും 20 ലക്ഷം രൂപ നഷ്ടപരിഹാരവും ആവശ്യപ്പെട്ടാണ് അദ്ദേഹം കമ്മീഷനെ സമീപിച്ചത്. പരാതിയിൽ ആകെ 1.65 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകാനാണ് കമ്മീഷന്റെ വിധി. എന്നാൽ കാറിന്റെ വില പൂർണമായി തിരികെ നൽകണമെന്ന പരാതിക്കാരന്റെ ആവശ്യം കമ്മീഷൻ അംഗീകരിച്ചില്ല.

ബുധനാഴ്ച ചോദ്യംചെയ്യലിന് ഹാജരാകണം; പിഎസ്സി ചെയർമാന് നോട്ടീസയച്ച് ക്രൈംബ്രാഞ്ച്

തിരു: ആസൂത്രണ ബോർഡ് പരീക്ഷാ ക്രമക്കേടിൽ ചോദ്യംചെയ്യലിന് ബുധനാഴ്ച ഹാജരാകണമെന്നാവശ്യപ്പെട്ട് പിഎസ്സി ചെയർമാൻ ഡോ. എം ആർ ബൈജുവിന് നോട്ടീസയച്ച് ക്രൈംബ്രാഞ്ച്. ഇന്ന് രണ്ട് പിഎസ്സി അംഗങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്. ഇതിന് പിന്നാലെയാണ് പിഎസ്സി ചെയർമാന് നോട്ടീസയച്ചിരിക്കുന്നത്. ആസൂത്രണ ബോർഡിന്റെ അഭിമുഖം നടത്തിയതിൽ ഉൾപ്പെടെ എംആർ ബൈജു ഭാഗമായിരുന്നു.

ഇതിനിടെ, പിഎസ്സി ഇന്ന് യോഗം ചേർന്നിരുന്നു. നിയമനടപടികൾ എന്തുതന്നെയായാലും കാത്തിരുന്ന് കാണാം എന്ന നിലപാടിലാണ് അംഗങ്ങൾ. ചെയർമാൻ ഉൾപ്പെടെ എല്ലാ അംഗങ്ങളെയും പുറത്താക്കണമെന്ന് രാഷ്ട്രപതിക്ക് മുൻ ഗവർണർ രാജേന്ദ്ര ആർലേക്കർ നൽകിയ ശുപാർശയും യോഗത്തിൽ ചർച്ചയായി. കേസിൽ എം ആർ ബൈജുവിനെ കൂടാതെ, പിഎസ്സി മുൻ ഡെപ്യൂട്ടി സെക്രട്ടറി പി സതീഷ്, അഡീഷണൽ സെക്രട്ടറി ആർ ഹരി എന്നിവരെ ക്രൈംബ്രാഞ്ച് പ്രതി ചേർത്തിട്ടുണ്ട്.

അതേസമയം, ആർലേക്കറുടെ നടപടി നിയമസഭയിൽ ചർച്ച ചെയ്യാൻ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ നോട്ടീസ് നൽകിയെങ്കിലും സ്പീക്കർ അനുവദിച്ചില്ല. രാഷ്ട്രപതി, ഗവർണർ തുടങ്ങി ഉന്നത പദവിയിലിരിക്കുന്നവരെക്കുറിച്ച് ചർച്ച ചെയ്യാൻ സഭാചട്ടം അനുവദിക്കുന്നില്ലെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ റൂളിംഗ് നൽകി.

ചേരാനല്ലൂർ അപകടം: അന്വേഷണം ക്രൈംബ്രാഞ്ചിന്

കൊച്ചി: ചേരാനല്ലൂരിൽ പ്രായപൂർത്തിയാകാത്തയാൾ ഓടിച്ച ആഡംബര കാറിടിച്ച് സ്കൂട്ടർ യാത്രക്കാരൻ മരിച്ച കേസിൽ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറുമെന്ന് കൊച്ചി സിറ്റി പൊലീസ് കമീഷണർ കാളിരാജ് മഹേഷ് കുമാർ. സംഭവത്തിൽ പിതാവിനെതിരെ കേസെടുത്തിരുന്നു.

ലൈസൻസില്ലാതെ അമിതവേഗതയിൽ ആഡംബര കാർ ഓടിച്ച 17 കാരന്റെ ജാമ്യം റദ്ദാക്കാൻ നടപടി സ്വീകരിക്കുമെന്നും സിറ്റി പൊലീസ് കമീഷണർ അറിയിച്ചു. പൊലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചുവോ എന്ന കാര്യം പരിശോധിക്കാൻ ആഭ്യന്തര അന്വേഷണം നടത്തും. അപകടം വരുത്തിയ കാറിന്റെ വേഗത 100 കി.മീറ്ററിന് മുകളിലായിരുന്നു. പ്രതിയുടെ മാതാപിതാക്കൾക്ക് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

അപകടത്തിൽ ഉത്തരവാദികളായ എല്ലാവർക്കുമെതിരെ നടപടി സ്വീകരിക്കണമെന്നും നീതി ലഭിക്കുന്നതുവരെ നിയമപോരാട്ടം തുടരുമെന്നും ജയബാലകൃഷ്ണന്റെ കുടുംബം വ്യക്തമാക്കി.

പോലീസ് സ്റ്റേഷന്റെ മുറ്റത്തേക്ക് കാറുകൾ ഓടിച്ചു കയറ്റി ലഹരി സംഘങ്ങൾ ഏറ്റുമുട്ടി; മൂന്നുപേർ കസ്റ്റഡിയിൽ

കോഴിക്കോട്: പോലീസ് സ്റ്റേഷന്റെ മുറ്റത്തേക്ക് കാറുകൾ ഓടിച്ചു കയറ്റി ലഹരി സംഘങ്ങൾ ഏറ്റുമുട്ടി; മൂന്നുപേർ കസ്റ്റഡിയിൽ. കുറ്റ്യാടി പോലീസ് സ്റ്റേഷൻ മുറ്റത്ത് ലഹരി സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി. സ്റ്റേഷൻ വളപ്പിലേക്ക് രണ്ടു കാറുകൾ ഓടിച്ചുകയറ്റിയ ശേഷമാണ് സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടിയത്. ലഹരി കൈമാറ്റവുമായി ബന്ധപ്പെട്ട സാമ്പത്തിക തർക്കമാണ് ഏറ്റുമുട്ടലിന് കാരണമെന്നാണ് സംശയം.

ഇന്ന് പുലർച്ചെ രണ്ടു മണിയോടെയായിരുന്നു സംഭവം. ഏറ്റുമുട്ടലിൽ കാറുകളും തകർന്നു. ഒരു കാറിൽനിന്ന് ഒൻപത് ഗ്രാം എംഡിഎംഎയും 10.5 ഗ്രാം കഞ്ചാവും പിടികൂടി. ഈ കാറിൽ ഉണ്ടായിരുന്ന മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു. പെരുവണ്ണാമൂഴി സ്വദേശി ആൽബിൻ സെബാസ്റ്റ്യൻ, പേരാമ്പ്ര സ്വദേശികളായ അമൽജിത്ത്, ആൽബിൻ എന്നിവരെയാണ് പിടികൂടിയത്.

പോലീസ് സ്റ്റേഷനു മുൻപിൽ സംഘം ചേർന്ന് അക്രമം അഴിച്ചുവിട്ടതിൽ എട്ടുപേർക്കെതിരെ കേസെടുത്തിട്ടുണ്ട്. കോഴിക്കോട് പാറക്കടവിൽനിന്നും വാഹനങ്ങൾ ഇടിപ്പിച്ച ശേഷം ഏറ്റുമുട്ടിയ സംഘങ്ങൾ പിന്നീട് നേരെ പോലീസ് സ്റ്റേഷനിലേക്ക് എത്തുകയായിരുന്നു. രാത്രിയിൽ കൂടുതൽ പോലീസ് എത്തിയാണ് അക്രമികളെ പിടികൂടിയത്. സംഭവത്തിൽ അന്വേഷണം തുടരുകയാണ്.

ആരെ നോക്കി സംസാരിക്കണം? സഭയിൽ പിണറായി – സതീശൻ വാക്പോര്; 'എന്നെ നോക്കിയങ്ങ് പറയാം' സ്പീക്കർ

തിരു: നിയമസഭയിൽ സംസാരിക്കുമ്പോൾ ആരെ നോക്കണം എന്നത് സംബന്ധിച്ച് മുഖ്യമന്ത്രി വി.ഡി. സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും തമ്മിൽ രൂക്ഷമായ വാക്പോര്. ഇരുവരും തമ്മിലുള്ള വാദപ്രതിവാദം മുറുകിയതോടെ സ്പീക്കർ ഇടപെട്ടു. ഇരുകൂട്ടർക്കും ബുദ്ധിമുട്ടില്ലാതെ തന്നെ നോക്കി സംസാരിക്കാമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർദ്ദേശിച്ചു.

മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും ആവർത്തിക്കുന്നതിനാൽ ഇനി പ്രതിപക്ഷത്തെ നോക്കി സംസാരിക്കാമെന്ന് പറഞ്ഞ് പ്രതിപക്ഷ നേതാവാണ് വാഗ്വാദത്തിന് തുടക്കമിട്ടത്. എന്നാൽ, ഓരോരുത്തർക്കും ഓരോ ശൈലിയുണ്ടെന്നും അനാവശ്യമായി പരിഹസിക്കരുതെന്നും മുഖ്യമന്ത്രി തിരിച്ചടിച്ചു. 102 അംഗങ്ങളുള്ളതിനാൽ ഭരണപക്ഷ നിരയെ നോക്കുമ്പോൾ തനിക്ക് അഭിമാനം തോന്നാറുണ്ടെന്നും അതുകൊണ്ടാണ് താൻ ഇടയ്ക്കിടെ ഇങ്ങോട്ട് നോക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. എന്നാൽ, പ്രതിപക്ഷത്തേക്ക് നോക്കാൻ പ്രതിപക്ഷ നേതാവിന് വിഷമമുണ്ടാകുമെന്നും, പ്രതിപക്ഷത്തിന്റെ അംഗബലം 35 ലേക്ക് ചുരുങ്ങിയതിന്റെ ഉത്തരവാദിത്തം പ്രതിപക്ഷ നേതാവിനാണെന്നും മുഖ്യമന്ത്രി പരിഹസിച്ചു.

താൻ ശൈലിയെ വിമർശിച്ചതല്ലെന്നും പാർലമെന്ററി രീതികളെക്കുറിച്ച് സൂചിപ്പിക്കുക മാത്രമാണ് ചെയ്തതെന്നും പറഞ്ഞ കാര്യം മുഖ്യമന്ത്രി മനസ്സിലാക്കണമെന്നുമായിരുന്നു പിണറായിയുടെ മറുപടി. ഇതിനിടെ തർക്കത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെട്ടു. സഭാ ചട്ടങ്ങളെക്കുറിച്ചാണ് പ്രതിപക്ഷ നേതാവ് പറഞ്ഞതെന്നും, 'അതുകൊണ്ട് രണ്ടു കൂട്ടർക്കും യാതൊരു ബുദ്ധിമുട്ടുമില്ലാതെ എന്നെ നോക്കി അങ്ങ് പറയാം' എന്നും അദ്ദേഹം വ്യക്തമാക്കി. ഇത് സഭയിൽ ചിരി പടർത്തി.

ഇതോടെ സഭയിൽ സ്പീക്കറെ അഭിസംബോധന ചെയ്യണമെന്നുണ്ടെങ്കിലും സ്പീക്കറുടെ മുഖത്ത് നോക്കി സംസാരിക്കണമെന്ന് നിർബന്ധമില്ലെന്നായി മുഖ്യമന്ത്രി. ഇതോടെ മുഖ്യമന്ത്രി സ്പീക്കറെ തിരുത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടി. തുടർന്ന് കൂടുതൽ തർക്കങ്ങളിലേക്ക് പോകുന്നില്ലെന്ന് വ്യക്തമാക്കി സ്പീക്കർ പറഞ്ഞു വാഗ്വാദം അവസാനിപ്പിക്കുകയായിരുന്നു.

സഹോദരിയെ കൊലപ്പെടുത്തി സഹോദരൻ ജീവനൊടുക്കി

തൃശ്ശൂർ: പാലിയേക്കര ചിറ്റിശ്ശേരിയിൽ സഹോദരിയെ കൊലപ്പെടുത്തി സഹോദരൻ ജീവനൊടുക്കി. ചിറ്റിശ്ശേരി ചാമപറമ്പിൽ 63 വയസുള്ള ഇന്ദിര, സഹോദരൻ 58 വയസുള്ള അപ്പു എന്നിവരാണ് മരിച്ചത്. തിങ്കളാഴ്ച രാവിലെയാണ് ഇന്ദിരയെ കിടപ്പുമുറിയിലും അപ്പുവിനെ അടുക്കളയിലും മരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്ദിരയുടെ കൈ ഞെരമ്പ് മുറിച്ച നിലയിലും മുഖത്ത് തലയിണ ഇരുന്ന നിലയിലുമാണ് മൃതദേഹം കണ്ടത്. അപ്പുവിനെ അടുക്കളയിൽ തൂങ്ങി മരിച്ച നിലയിലാണ് കണ്ടത്. മാനസികാസ്വാസ്ഥ്യമുള്ളയാളാണ് ഇന്ദിര.

അപ്പുവിന്റെ മകൻ എക്സൈസ് ഉദ്യോഗസ്ഥനായ വൈഷ്ണവ് രാവിലെ എഴുന്നേറ്റ് വന്നപ്പോഴാണ് രണ്ട് പേരെയും മരിച്ച നിലയിൽ കണ്ടെത്തിയത്. വൈഷ്ണവും ഭാര്യയും രണ്ട് മക്കളുമാണ് വീട്ടിൽ ഉണ്ടായിരുന്നത്. മുകളിലെ നിലയിലായിരുന്നു മകൻ ഉറങ്ങി കിടന്നിരുന്നത്. രാവിലെ മരുമകൾ എഴുന്നേറ്റപ്പോൾ മുറിയുടെ വാതിൽ പുറത്ത് നിന്നും പൂട്ടിയ നിലയിലായിരുന്നു. ഉടൻ തന്നെ വൈഷ്ണവിനെ ഫോൺ വിളിച്ചാണ് വാതിൽ തുറപ്പിച്ചത്. പിന്നീട് ഇവർ നോക്കിയപ്പോഴാണ് രണ്ട് പേരെയും മരിച്ച നിലയിൽ കണ്ടത്. അപ്പുവിന്റെ ഭാര്യ തൊട്ടുടുത്ത് ഉള്ള മറ്റൊരു മകനായ ജിഷ്ണുവിന്റെ വീട്ടിലാണ് രാത്രി കിടന്നിരുന്നത്. പുതുക്കാട് പോലീസ് സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

കാറും ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

തൃശ്ശൂർ: മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളജ് ഭാഗത്തേക്ക് വടക്കാഞ്ചേരി ഭാഗത്തുനിന്നും വന്നിരുന്ന കാറുമായി ഇടിച്ച് ബൈക്കിന്റെ പിറകിലിരുന്ന ചുലിശേരി വടക്കൂട്ട് വീട്ടിൽ പരേതനായ ശിവദാസിന്റെയും സജിതയുടെയും മകൻ അഭിജി ത്താണ് (21) മരിച്ചത്. ബൈക്ക് ഓടിച്ചിരുന്ന പിതൃസഹോദരന്റെ മകൻ അനുരാഗിനു (21) പരുക്കുണ്ട്. ഞായറാഴ്ച രാത്രി മെഡിക്കൽ കോളജ് റോഡിൽ വെളപ്പായ സാന്ത്വനം മഹല്ലിനു സമീപമായിരുന്നു അപകടം. ഉടൻ തന്നെ പരിക്കേറ്റവരെ മെഡിക്കൽ കോളജ് ആശു പത്രിയിലെ ത്തിച്ചെങ്കിലും അഭിജിത്തിനെ രക്ഷിക്കാനായില്ല.

കോടതി പരസ്യം
ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ
MC 312/2024

1. മുഹമ്മദ് ഹാഷിർ ഹസീബ്
2) സിദ്ദാൻ ഹസീബ്
3) ഹെസാ ഹസീബ്, Rep by മാതാവ് ഈവ്‌ലിൻ രാജൻ @ ഫാത്തിമ സഹ്റ
-ഹരജിക്കാർ

ഹസീബ് ഹസൻ S/o. അസനാർകുട്ടി, അറഫ മൻസിൽ, കാഞ്ഞിരമുക്ക് പി ഒ., & വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല
-എതൃകക്ഷി

ഹരജിക്കാർ എതൃകക്ഷിയിൽ നിന്നും ചിലവിനു ലഭിക്കുന്നതിനു വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ കേസിലെ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ്**19-11-2026** തിയ്യതിയിലേക്ക് വെച്ചിട്ടുണ്ട്. അന്നേ ദിവസം രാവിലെ 11 മണിക്ക്എതൃകക്ഷിയോ അഡ്വക്കെറ്റോ കോടതി മുമ്പാകെ ഹാജരാകാത്തപക്ഷം എതൃകക്ഷിയെ കൂടാതെകേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 24-10-2026
ഹരജിഭാഗം അഡ്വക്കെറ്റ് :
വിനീത സി ബേബി (ഒപ്പ്)

കോടതി പരസ്യം
ബഹു. തൃശ്ശൂർ മൂന്നാം അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ
Succession OP 8/2026

1. കുമാരൻ എം., കോനങ്ങത്ത് വീട്, പി.ഒ. ചേർപ്പ്, പിൻ - 680561, ചേർപ്പ് വില്ലേജ്, തൃശ്ശൂർ താലൂക്ക്
2. ലത, W/o. സന്തോഷ്കുമാർ, കോനങ്ങത്ത് വീട്, കുറുമ്പിലാവ്, പഴുവിൽ, പിൻ 680564, തൃശ്ശൂർ താലൂക്ക്
3. ലേഖ കെ., W/o. സതീശൻ, കോളോത്ത് കൊമ്പിൽ വീട്, അയ്യന്തോൾ പി.ഒ., തൃശ്ശൂർ - 680003
4. ലജിത കെ., W/o. രാമദാസ്, കോനങ്ങത്ത് വീട്, കർഷകർ പി ഒ കോടന്നൂർ- 680563 , തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ ജില്ല

-ഹർജിക്കാർ

പരസ്യം

മേൽനമ്പർ കേസിലെ ഹരജിപട്ടികയിൽ പറയുന്ന സംഖ്യകളെ സംബന്ധിച്ചും പലിശയെ സംബന്ധിച്ചും ഹർജിക്കാർ പേരിൽ സക്സഷൻ ബോധിപ്പിച്ച മേൽനമ്പർ സർട്ടിഫിക്കറ്റ് അനുവദിച്ച് ഉത്തരവുണ്ടാകുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ ഹരജി **05-11-2026** തിയ്യതി വിചാരണയ്ക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ടി വിവരം 05-11-2026 തിയ്യതി രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെ ന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 17-10-2026
ഹരജിഭാഗം അഡ്വക്കെറ്റ്
വി. എൻ. രാജീവൻ (ഒപ്പ്)

കോടതി പരസ്യം
ബഹു. ഇരിങ്ങാലക്കുട സബ് കോടതി മുമ്പാകെ
OS: 67/2024, EP 116/2026

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജിൽ പാലിയംതുരുത്ത് ദേശത്ത് സ്ഥാപിതമായി പ്രവർത്തിച്ചു വരുന്ന ശ്രീകുമാര സമാജം
-വിധി ഉടമസ്ഥൻ

കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജിൽ കണ്ടാകുളംദേശത്ത് കളത്തിൽ സ്വാമിക്കുട്ടി മക്കൾ 1) സിന്ധു 2) ബിന്ദു
- 2, 3 വിധി കടക്കാർ

മേൽ നമ്പ്ര് വിധി നടത്തു ഹരജി കാര്യത്തിൽ 2, 3 വിധി കടക്കാർക്കുള്ള നോട്ടീസ് മുതലായ കോടതി കല്പനകൾ ബഹു. കോടതിയിലും ടിയാരുടെ വാസസ്ഥലത്തും പതിച്ച് നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് കേസ് **7-11-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി വിധി നടത്ത് ഹരജിക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11.00 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 16-10-2026
വിധി ഉടമ ഭാഗം അഡ്വക്കെറ്റ്
M D DINESH കൊടുങ്ങല്ലൂർ (ഒപ്പ്)

കോടതി പരസ്യം
ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ
OS: 52/2020, EP 1373/2025, EA 1/2026

തൃശൂർ താലൂക്ക് വെളുത്തൂർ വില്ലേജ്, കൈപ്പിള്ളി ദേശത്ത് കാട്ടിപറമ്പിൽ വിജയൻ മകൻ രതീഷ് (2) ടി യിൽ ടി കാട്ടിപറമ്പിൽ വിജയൻ മകൾ സുനിത വിജയൻ
-ക്ലെയിം ഹരജിക്കാർ

മുകുന്ദപുരം താലൂക്ക് ഇരിങ്ങാലക്കുട വില്ലേജ്, കാട്ടുങ്ങച്ചിറ ദേശം കളക്കാട്ട് ഷംസുദ്ദീൻ മകൻ നാഫിക്ക്
- 2-ാം എതൃകക്ഷി

മേൽ നമ്പ്ര് ക്ലെയിം ഹരജി EA 1/2026 നമ്പർ ഹരജി കാര്യത്തിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് മുതലായ കോടതി കല്പനകൾ ബഹു. കോടതിയിലും ടിയാന്റെ വാസസ്ഥലത്തും പതിച്ച് നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **7-11-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി ക്ലെയിം ഹരജിക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11.00 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 16-10-2026
ക്ലെയിം ഹർജി ഭാഗം അഡ്വക്കെറ്റ്
അഖിൽ അയ്യപ്പ ടി എ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലോഗോ പ്രകാശനം നടത്തി

ഇരിങ്ങാലക്കുട: ഒക്ടോബർ, 27, 28, 29 തിയതികളിലായി എടത്തിരിഞ്ഞി എച്ച് ഡി പി എ സ് എച്ച് എസ് സെന്റ് മേരീസ് യുപി സ്കൂളുകളിലായി നടക്കുന്ന ഇരിഞ്ഞാലക്കുട ഉപജില്ല ശാസ്ത്രമേള യുടെ ലോഗോ പ്രകാശനം ഇരിഞ്ഞാലക്കുട എ ഇ ഒ എം.എസ്.രാജീവ് നിർവഹിച്ചു. പടിയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. പി.കണ്ണൻ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ എം.കെ.മനോജ് മാസ്റ്റർ, സി.സി.ഷാജി മാസ്റ്റർ പി.ടി. എ പ്രസിഡൻറ് സജിത വിബിൻ ഹെഡ്മിസ്ട്രെസ് പി.ടി.സ്മിത,ബിപിസി സരിത അകണിച്ചായ് വികസനസമിതി ഭാരവാഹികളായ എൻ.പി.രജനി, സി പി. ജോബി, പി.ബി. അസീന എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ കെ.എ.സീമ സ്വാഗതവും പബ്ലിസിറ്റി കൺവീനർ വിനി.കെ.രവി നന്ദിയും പറഞ്ഞു.

കൂടൽമാണിക്യം കുട്ടൻകുളം നനവീകരണ പ്രവർത്തികൾ പുനരാരംഭിക്കും; തോമസ് ഉണ്ണിയാടൻ എം എൽ എ

ഇരിങ്ങാലക്കുട: കൂടൽമാണിക്യം കുട്ടൻകുളം നവീകരണ പ്രവർത്തികൾ അടുത്താഴ്ച്ച പുനരാരംഭിക്കാൻ കരാറുകാർക്ക് നിർദേശം നൽകിയതായി തോമസ് ഉണ്ണിയാടൻ എം എൽ എ പറഞ്ഞു. കുളത്തിനോട് ചേർന്ന് സ്മാരകം നിർമ്മിക്കുമെന്ന തരത്തിൽ ഉണ്ടായ പ്രചാരണം അടിസ്ഥാന രഹിതമാണെന്നും പൊതുമരാമത്ത് നേരത്തെ തയ്യാറാക്കി അംഗീകാരം ലഭിച്ച പ്ലാനിൽ നിന്നും യാതൊരു വ്യത്യാസവും ഇല്ലാതെയാണ് പ്രവർത്തി പൂർത്തിയാക്കുകയെന്നും എം എൽ എ പറഞ്ഞു. മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇത് സംബന്ധിച്ച് ചേർന്ന യോഗത്തിൽ നഗരസഭ അധ്യക്ഷൻ എം.പി.ജാക്സൺ, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ സി.കെ.ഗോപി, അഡ്മിനിസ്ട്രേറ്റർ സി. പ്രീതി, പൊതുമരാമത്ത് വകുപ്പ് അസി. എഞ്ചിനീയർ പി. എസ് സുജേഷ്, കരാറുകാരായ ഊരാളുങ്കൽ സൊസൈറ്റി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഒടുവിൽശാപമോക്ഷം: ചാവക്കാട് – ചേറ്റുവ റോഡിന് പ്രവർത്തനാനുമതി

ചാവക്കാട് : ചേറ്റുവ റോഡിൻറെ ടെണ്ടറിന് സർക്കാർ അനുമതിയായതായി എൻ. കെ. അക്ബർ എം.എൽ. എ. വർഷങ്ങളായി തകർന്ന് കിടക്കുന്ന ചാവക്കാട് മുതൽ ചേറ്റുവ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടറിന് അനുമതി നൽകിയതായും റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തിര പ്രവൃത്തികൾ ചെയ്യാൻ നിർദ്ദേശം നൽകിയതായും പൊതുമരാമത്ത് എൻ.എച്ച്. വിഭാഗം ചീഫ് എഞ്ചിനീയർ ഐസക്ക് വർഗ്ഗീസ് എം.എൽ.എ. യെ അറിയിച്ചു.

ചാവക്കാട് ചേറ്റുവ റോഡ് ഒറ്റത്തവണ അറ്റകുറ്റപ്പണിക്കായി 1.63 കോടി രൂപ ദേശീയ പാത അതോറിറ്റി 2 മാസം മുൻപ് മാത്രമാണ് അനുവദിച്ചത്. ദേശീയ പാത അതോറിറ്റിയിലും സംസ്ഥാന സർക്കാർ മുഖേനയും നിരന്തരമായി നടത്തിയ സമ്മർദ്ദത്തെ തുടർന്നാണ് ദേശീയ പാത അതോറിറ്റി അറ്റകുറ്റപണിക്ക് ഫണ്ട് അനുവദിക്കാൻ തയ്യാറായത്.

റോഡിലെ കുഴികൾ അടക്കുകയും അടിയന്തര അറ്റകുറ്റപണി ചെയ്യുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയതായും എം.എൽ.എ. അറിയിക്കുകയുണ്ടായി. ഇപ്പോഴും ഈ റോഡ് ദേശീയ പാത അതോറിറ്റിയുടെ ഉടമസ്ഥതയിൽ തന്നെയാണ് ഉള്ളതെന്നും നവീകരിക്കുന്ന പുതിയ ദേശീയ പാതയുടെ ഭാഗമാകാത്ത പഴയ എൻ.എച്ച്. ബൈലൈനുകൾ സംസ്ഥാന പൊതുമരാമത്ത് റോഡ് വിഭാഗത്തിന് അടിയന്തരമായി കൈമാറി നൽകുന്നതിന് നടപടി ഉണ്ടാകണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു.

ഡബ്ലിൻ യൂണിവേഴ്സിറ്റി കോളജുമായി സഹകരിക്കാൻ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ്; പ്രൊഫ. ജെറമി സിംപ്സൺ ക്യാമ്പസിലെത്തി

ഇരിങ്ങാലക്കുട: അന്താരാഷ്ട്ര അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സെന്റ് ജോസഫ്സ് കോളജ് (ഓട്ടോണമസ്), ഇരിങ്ങാലക്കുടയും യൂണിവേഴ്സിറ്റി കോളജ് ഡബ്ലിനും തമ്മിൽ ധാരണാപത്രം (MoU) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ധാരണാപത്രത്തിന്റെ ഭാഗമായി അധ്യാപകവിദ്യാർഥി കൈമാറ്റ പരിപാടികൾ ഉൾപ്പെടെയുള്ള അക്കാദമിക സഹകരണത്തിന് വഴിയൊരുങ്ങും. ഇതിന്റെ ഭാഗമായി യൂണിവേഴ്സിറ്റി കോളജ് ഡബ്ലിനിലെ പ്രൊഫസറും കോളജ് ഓഫ് സയൻസിന്റെ പ്രിൻസിപ്പലുമായ പ്രൊഫ. ജെറമി സിംപ്സൺ സെന്റ് ജോസഫ്സ് കോളജ് സന്ദർശിച്ചു.

സെൽ ബയോളജി മേഖലയിൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമായ ഗവേഷണ സംഭാവനകൾ നൽകിയിട്ടുള്ള പ്രൊഫ. ജെറമി സിംപ്സൺ, കോളജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റർനാഷണൽ അഫയേഴ്സുമായി സഹകരിച്ചുള്ള അക്കാദമിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് എത്തിയത്. ഒക്ടോബർ 13-ന് രാവിലെ 10.45-ന് കോളജിലെ റിസർച്ച് ഹാളിൽ നടന്ന പ്രത്യേക അക്കാദമിക സെഷനിൽ അദ്ദേഹം 'മൈക്രോസ്കോപ്പി ആൻഡ് ഇമേജിങ് ടെക്നിക്സ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഗവേഷണരംഗത്തെ പുതിയ സാധ്യതകളും ആധുനിക ഇമേജിങ് സാങ്കേതികവിദ്യകളുടെ പ്രാധാന്യവും പരിചയപ്പെടുത്തിയ സെഷൻ വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രയോജനകരമായി.

പരിപാടിയുടെ ഭാഗമായി ബയോളജി വകുപ്പ് സംഘടിപ്പിച്ച 'സെൽ ക്യാൻവാസ് ആൻ ആർട്ട് കോമ്പറ്റിഷൻ ഓൺ സെൽ ബയോളജി' മത്സരത്തിലെ വിജയികൾക്ക് പ്രൊഫ. ജെറമി സിംപ്സൺ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു. രണ്ട് വിഭാഗങ്ങളിലായി സംഘടിപ്പിച്ച മത്സരം ശാസ്ത്രവിഷയങ്ങളെ കലാപരമായി ആവിഷ്കരിക്കാനും വിദ്യാർഥികളുടെ സർഗാത്മകതയും ശാസ്ത്രാഭിരുചിയും പ്രകടിപ്പിക്കാനും അവസരമൊരുക്കി.

കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ സോഷ്യൽ വർക്ക് മേധാവി ഡോ. സി. ജസിൻ, വകുപ്പിലെ മറ്റ് അംഗങ്ങൾ, ബയോളജി വിഭാഗത്തിലെ അധ്യാപകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു. അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക സഹകരണത്തിനും ഗവേഷണബന്ധങ്ങൾ വിപുലീകരിക്കുന്നതിനും വിദ്യാർഥികൾക്ക് ആഗോളതലത്തിലുള്ള പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിനും ഈ സഹകരണം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പഠന കളരിയുടെ 44-ാം വാർഷികാഘോഷം

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട കൈരളി നാട്യ കലാക്ഷേത്രം നൃത്ത വിദ്യാലയം ഓട്ടം തുള്ളൽ പഠന കളരിയുടെ 44-ാം വാർഷികാഘോഷം അഡ്വ: തോമസ് ഉണ്ണിയാടൻ എം എൽ എ ഉദ്ഘാടനം ചെയ്തു എസ് എൻ ബി എസ് സമാജം പ്രസിഡണ്ട് എൻ ബി കിഷോർ കുമാർ ഡയറക്ടർ മുരിയാട് മുരളീധരൻ കൂടൽ മാണിക്യം ദേവസ്വം ചെയർമാൻ അഡ്വ: സി കെ ഗോപി ബ്രഹ്മകുമാരി വാസന്തി ബെഹൻജി , കേരള നാടക അക്കാദമി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം ബി ശുഭ മുനി കൗൺസിലർമാരായ എം എസ് ദാസൻ പി വി ശിവകുമാർ ഇരി ങ്ങാലക്കുട പ്രസ് ക്ലബ്ബ് പ്രസി ഡണ്ട് വി ആർ സുകുമാരൻ എന്നിവർ സംസാരിച്ചു.

മത്സ്യബോർഡ് റിട്ട് അപ്പീൽ ഫയലാക്കി

കൊച്ചി : ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിയിൽ മത്സ്യബന്ധനം എന്ന വാക്കിന് മീൻപിടുത്തവും, മത്സ്യത്തൊഴിലാളിയുടെ കുടുംബാംഗങ്ങൾ വഴി തലച്ചുമടോ, സൈക്കിൾ ചുമടോ വഴിയോ ഉള്ള വില്പനയും എന്നതിനു പകരം മീൻപിടുത്തമോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളിയുടെ കുടുംബാംഗങ്ങൾ വഴി തലച്ചുമടോ, സൈക്കിൾ ചുമടോ വഴിയോ ഉള്ള വില്പനയോ എന്നാക്കി വായിക്കണം എന്ന വ്യാഖ്യാനം മത്സ്യത്തൊഴിലാളികൾക്കും, മത്സ്യബോർഡിന്റെ പ്രവർത്തനങ്ങൾക്കും നിലനിൽപ്പിനും ദോഷകരമാകും എന്ന് വിലയിരുത്തിയ മത്സ്യ ബോർഡ് കമ്മീഷണറും, ഉദ്യോഗസ്ഥരും റിട്ട് അപ്പീൽ ഫയലാക്കാൻ സ്റ്റാന്റിംഗ് കൗൺസലിനു നിർദ്ദേശം നൽകുകയായിരുന്നു.രണ്ടു തരം പാസ്സ് ബുക്ക് ആണ് മത്സ്യ ബോർഡ് നൽകി വരുന്നത്- മത്സ്യ തൊഴിലാളി പാസ്സ് ബുക്കും, അനുബന്ധ മത്സ്യ തൊഴിലാളി പാസ്സ് ബുക്കും. പുതിയ അംഗങ്ങൾക്ക് പാസ്സ് ബുക്ക് വിതരണത്തെയും ഈ സിംഗിൾ ബെഞ്ച് വിധി ബാധിക്കും.മത്സ്യബന്ധനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ വരുത്തിയ മാറ്റം മത്സ്യത്തൊഴിലാളി എന്ന വാക്കിന്റെ നിർവ്വചനത്തിലും സാരമായ മാറ്റങ്ങൾ വരുത്തും. ഫലത്തിൽ മത്സ്യത്തൊഴിലാളിയുടെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ ഒക്കെ മത്സ്യത്തൊഴിലാളിയുടെ ആനുകൂല്യങ്ങൾ ചോദിച്ചു മത്സ്യ ബോർഡിനും, സർക്കാരിനും മുന്നിൽ എത്തും. അജീന എന്ന സ്വകാര്യ ഡെന്റൽ കോളേജ് വിദ്യാർത്ഥിനി നൽകിയ റിട്ട് ഹർജിയെ തുടർന്നുണ്ടായ വിധിയിൽ, മത്സ്യബോർഡ് രജിസ്റ്റർ പ്രകാരം അനുബന്ധ മത്സ്യ തൊഴിലാളിയായ ആളുടെ മകൾക്ക്, മത്സ്യ തൊഴിലാളികളുടെ മക്കളുടെ ഫീസ് കൺസഷൻ ആവശ്യത്തിലേക്ക് നൽകി വരുന്ന ഫീസ് കൺസഷൻ സർട്ടിഫിക്കറ്റ് നൽകാൻ, മത്സ്യ തൊഴിലാളി നിർവചനത്തിൽ മാറ്റം വരുത്തി,അനുബന്ധ മത്സ്യ തൊഴിലാളിയായ ഹരജിക്കാരിയുടെ പിതാവു കൂടി ഉൾപെടുന്ന വിധത്തിൽ, മത്സ്യ തൊഴിലാളി നിർവചനം വ്യാഖ്യാനിച്ചു, ഹൈക്കോടതി മത്സ്യബോർഡിനോട് ഉത്തരവിടുകയായിരുന്നു. മത്സ്യ ബോർഡിൽ അനുബന്ധ മത്സ്യ തൊഴിലാളി ആയി രജിസ്റ്റർ ചെയ്തയാളുടെ മകൾക്കു, മത്സ്യ തൊഴിലാളിയുടെ മക്കൾക്ക് നൽകുന്ന സർട്ടിഫിക്കറ്റ് നല്കിയാൽ, ഇനി മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു വേണ്ടി ഫിഷറീസും സംസ്ഥാന സർക്കാരും കൊണ്ടുവരുന്ന പദ്ധതികളിലെല്ലാം ഇതുപോലെ സർട്ടിഫിക്കറ്റുകൾ നൽകേണ്ടി വരുമെന്നും, മത്സ്യത്തൊഴിലാളി നിർവ്വചനത്തിൽ വന്ന മാറ്റം മത്സ്യത്തൊഴിലാളികളെയും മത്സ്യ ബോർഡിന്റെ പ്രവർത്തനത്തെയും ബാധിക്കുമെന്നും അപ്പീലിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മത്സ്യബോർഡ് ഫയലാക്കിയ റിട്ട് അപ്പീലിൽ സ്വകാര്യ ഡെന്റൽ കോളേജ് വിദ്യാർത്ഥിനി അജീന, കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാം, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത്, സയൻസസ്, കേരള സർക്കാർ, സെന്റ് ഗ്രിഗോറിയോസ് ഡെന്റൽ കോളേജ്, കോതമംഗലം എന്നിവരെ കക്ഷി ചേർത്തിട്ടുണ്ട്

റിട്ടയേർഡ് എസ്.ഐ ഷോക്കേറ്റ് മരിച്ചു

തൃശ്ശൂർ: റിട്ടയേർഡ് എസ്.ഐ ഷോക്കേറ്റ് മരിച്ചു. ചേലക്കര വെങ്ങാനല്ലൂർ സ്വദേശിയായ ജോയ് (56) ആണ് മരണപ്പെട്ടത്. രാത്രി എട്ട് മണിയോടെ വീടിന് തൊട്ടടുത്തുള്ള പാടത്ത് വെച്ചായിരുന്നു അപകടമുണ്ടായത് .പാടത്ത് അനക്കമില്ലാതെ കിടക്കുന്നത് കണ്ട ഭാര്യ ഉടൻ തന്നെ നാട്ടുകാരെ വിവരമറിയിക്കുകയായിരുന്നു. തുടർന്ന് നാട്ടുകാർ ചേർന്ന് ഉടൻ തന്നെ ചേലക്കരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തി ച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

മദ്യപിച്ചിരുന്നുവെന്ന് പറഞ്ഞ് കാൻസർ ചികിത്സയുടെ ക്ലെയിം നിഷേധിച്ചു 225000 രൂപയും പലിശയും നൽകുവാൻ ഇൻഷുറൻസ് കമ്പനിക്കെതിരെ വിധി

തൃശൂർ: മദ്യപിച്ചിരുന്നുവെന്ന് പറഞ്ഞ് കാൻസർ ചികിത്സയുടെ ക്ളെയിം നിഷേധിച്ചതിനെതിരെ ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാർക്ക് അനുകൂല വിധി. തൃശൂർ കണിമംഗലത്തുള്ള മാങ്കുഴി ലൈനിലെ മരണപ്പെട്ട ശിവനാരായണന്റെ ഭാര്യ ഹേമലത.കെ.കെ., മകൻ മനു.എം.എസ്.എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ മാനേജർക്കെതിരെ ഇപ്രകാരം വിധിയായത്.ശിവനാരായണൻ കാൻസർ സംബന്ധമായ ചികിത്സയാണ് നടത്തിയിരുന്നത്.ശിവനാരായണൻ മദ്യപിച്ചിരുന്നുവെന്നും അതുകൊണ്ടാണ് കാൻസർ വന്നതെന്നും പറഞ്ഞ് ഇൻഷുറൻസ് കമ്പനി ക്ളെയിം നിഷേധിക്കുകയായിരുന്നു.മദ്യപിച്ചിരുന്നതുകൊണ്ടാണ് കാൻസർ ഉണ്ടായതെന്ന് തെളിയിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് കഴിഞ്ഞില്ല. കൂടാതെ ശിവനാരായണൻ ഇൻഷുറൻസ് പോളിസി ചേരുവാൻ സമർപ്പിച്ച പ്രൊപ്പോസൽ ഫോമും ഇൻഷുറൻസ് കമ്പനി കോടതി മുമ്പാകെ ഹാജരാക്കിയില്ല. ക്ളെയിം നിഷേധിച്ച നടപടി നിയമവിരുദ്ധവും സേവനത്തിലെ വീഴ്ചയുമാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്.,ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാർക്ക് ക്ളെയിം പ്രകാരം 200000 രൂപയും ആയതിന് ക്ളെയിം നിഷേധിച്ച 2017 ജൂൺ 29 മുതൽ 9 % പലിശയും മാനസിക വിഷമത്തിന് നഷ്ടപരിഹാരമായി 15000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ദേശീയ ബാലതരംഗം സാംസ്കാരിക വകുപ്പുമായി ചേർന്ന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിച്ച രണ്ടാം ദിവസത്തെ നവരാത്രി കലോത്സവം ചലച്ചിത്ര പിന്നണി ഗായകൻ പട്ടം സനിത്ത് ഉദ്ഘാടനം ചെയ്യുന്നു.ദേശീയ ബാലതാരം ചെയർമാൻ അഡ്വക്കേറ്റ് ടി ശരത് ചന്ദ്രപ്രസാദ്, ദേശീയ ബാലതരംഗം വൈസ് പ്രസിഡന്റ് അനാമിക സുമി പ്രസാദ് മറ്റു ഭാരവാഹികളും സമീപം

ഹോട്ടലിൽ മോഷണം

കുന്നംകുളം: പുതിയ ബസ്സ്റ്റാന്റിലെ ചില്ലി ഫ്ളവേഴ്സ് ഹോട്ടലിൽ മോഷണം. ഇന്നു പുലർച്ചെ മൂന്ന് മണിയോടെയാണ് സംഭവം. ക്യാഷ് കൗണ്ടറിൽ സൂക്ഷിച്ചിരുന്ന ഏദേശം മൂവായിരം രൂപയാണ് മോഷ്ടാവ് കവർന്നത്. സ്ഥാപനത്തിന്റെ ഷട്ടർ തുറക്കാൻ ഉപയോഗിക്കുന്ന ഇരുമ്പുകമ്പി ഉപയോഗിച്ച് ഹോട്ടലിന്റെ ഗ്ലാസ് ഡോർ തകർത്താണ് മോഷ്ടാവ് അകത്ത് കയറിയത്.

കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾ പിൻവലിക്കണം. കെ. ടി. യൂ.സി (ജേക്കബ്)

സജി മാത്യു
തിരുവില്വാമല

തൃശൂർ: കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾ പിൻവലിക്കണം എന്ന് കെ. ടി. യൂ. സി ജേക്കബ് സംസ്ഥാന പ്രസിഡണ്ട് എം. എ. ഷാജി ആവശ്യപ്പെട്ടു. തൃശൂർ ടി. എം. ജേക്കബ് മെമ്മോറിയൽ ഹാളിൽ നടന്ന ജില്ലാ കൺവെൻഷൻ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പാർട്ടി ജില്ലാ പ്രസിഡണ്ട് പി. എം. ഏലിയാസ് അധ്യക്ഷത വഹിച്ചു. പാർട്ടി നേതാക്കൾ ആയ ഷൈജു ബഷീർ, വസന്തൻ ചിയ്യാരം, സി. എം. ബാലസുന്ദരൻ, കെ. സി. സുബ്രമണ്യൻ, സുനിൽ കാളത്തോട്, അജിതൻ മച്ചിങ്ങൽ, സി. എം. കൃഷ്ണകുമാർ, ശശികുമാർ, സജീവ് മാത്യു,ബിജി ജോൺ, ബിജു കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. കെ. ടി. യൂ. സി ജേക്കബ് ജില്ലാ പ്രസിഡണ്ട് ആയി സജീവ് മാത്യുവിനെ തെരഞ്ഞെടുത്തു.

മേൽപാലം തൂണുകളിൽ നിർമ്മിക്കണം ആർ ജെ ഡി

പുതുക്കാട്: പുതുക്കാട് മേൽപ്പാലം തൂണുകളിൽ നിർമ്മിക്കണമെന്നും ആമ്പല്ലൂർ മാതൃകയിൽ അടിപ്പാത നിർമ്മിച്ചു പുതുക്കാടിനെ കാടിനെ കിഴക്കും പടിഞ്ഞാറുമായി രണ്ടായി വിഭജിക്കരുതെന്നും രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി പുതുക്കാട് നിയോജക മണ്ഡലം കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

ജില്ല ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ജില്ലാ വൈസ് പ്രസിഡൻറ് ഡേവിസ് വില്ലേടത്തുകാരൻ നിയോജക മണ്ഡലം പ്രസിഡണ്ട് അഡ്വക്കേറ്റ് ടിഐ സേവിയർ ജില്ലാ കമ്മിറ്റി അംഗം ഐ പി കുട്ടൻ നിയോജകമണ്ഡലം വൈസ് പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ കിസാൻ ജനത നിയോജകമണ്ഡലം പ്രസിഡണ്ട് എ ഡി തോമസ് പിഡി ലോനപ്പൻരാഷ്ട്രീയ യുവജനതാദൾ ജില്ല ട്രഷറർ സാവിയോ സേവിയർ റപ്പായി ആളുക്കാരൻ വി ആർ അജിത് കുമാർ വി ആർ അന്തോണി പിവി അനിൽകുമാർ മേനോൻ എം പി ജോർജ് കെ എസ് സുകുമാരൻ എം വി പ്രദീപ് തുടങ്ങിയവർ സംസാരിച്ചു.

കേരളോത്സവം 2026

ഇരിങ്ങാലക്കുട: ആളൂർ ഗ്രാമ പഞ്ചായത്ത് കേരളോത്സവം 2026 ചെസ്സ് മത്സരം ആളൂർ ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രേഖ സന്തോഷിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പഞ്ചായത്ത്വൈസ് പ്രസിഡന്റ് പി. സി. ഷണ്മുഖൻ ഉദ്ഘാടനം നിർവഹിച്ചു. സബ് കമ്മിറ്റിയുടെ മുഖ്യ ചുമതലക്കാരായ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സ്വാഗതവും വാർഡ് മെമ്പർ ബിന്ദു ഷാജു നന്ദിയും പറഞ്ഞു.

സബ് കമ്മിറ്റി വൈസ് ചെയർമാൻ ജോസ് മാഞ്ഞൂരാൻ, കൺവീനർ മുനീർ എന്നിവർ സംസാരിച്ചു

പുസ്തകപ്രകാശനം

ഇരിങ്ങാലക്കുട: ലാൽ ഭാസ്കരൻ രചിച്ച ഋതുഭേദങ്ങളിലൂടെ എന്ന കഥാസമാഹാരം സംഗമസാഹിതിയുടെ ആഭിമുഖ്യത്തിൽ പ്രകാശനം ചെയ്യപ്പെട്ടു. പ്രശസ്ത സാഹിത്യകാരൻ അശോകൻ ചരുവിലാണ് പുസ്തകപ്രകാശനം നിർവഹിച്ചത്. പ്രൊഫ. സാവിത്രി ലക്ഷ്മണൻ പുസ്തകം ഏറ്റുവാങ്ങി. ജോസ് മഞ്ഞില അധ്യക്ഷത വഹിച്ചു.സെക്രട്ടറി ഇരിഞ്ഞാലക്കുട ബാബുരാജ് പുസ്തകപരിചയം നടത്തി. ചടങ്ങിൽ രാധാകൃഷ്ണൻ കിഴുത്താണിയെ ആദരിച്ചു. കൃഷ്ണകുമാർ മാപ്രാണം, കാട്ടൂർ രാമചന്ദ്രൻ, രാധാകൃഷ്ണൻ വെട്ടത്ത്, ശ്രീലത രാജീവ്, മനോജ് വള്ളിവട്ടം, ഷൈജൻ കോമ്പരുപറമ്പിൽ, സുമിഷ കെ.എസ്., കെ. ദിനേശ് രാജ,പ്രസന്നൻ, സതീഷ് മഠത്തിൽ,വർഗ്ഗീസ് കോശി തുടങ്ങി നിരവധി പേർ ചടങ്ങിൽ സംസാരിച്ചു.

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

MC. 303/2025

കൃഷ്ണപ്രിയ ടി എൻ
-ഹരജിക്കാരി

ധീരജ് സുഗതൻ, S/o. സുഗതൻ, മേനോത്തു പറമ്പിൽ വീട്, വള്ളൂർ, പുത്തൻപീടിക, തൃശൂർ താലൂക്ക്
-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **16-11-2026** തിയതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 14-10-2026
ഹരജിഭാഗം അഡ്വക്കെറ്റ്
എം വി ഗോപാലകൃഷ്ണൻ (ഒപ്പ്)

കോടതി പരസ്യം

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

EP 747/2025, AWARD 1463/2021

തൃശൂർ താലൂക്ക് കാരമുക്ക് വില്ലേജിൽ കണ്ടശ്ശാംകടവ് പോസ്റ്റിൽ പ്രവർത്തനം നടത്തിവരുന്ന ന്യൂട്രിച്ചൂർ സുകൃതം ചിറ്റ്സ് (P) Ltd വേണ്ടി ഡയറക്ടർ ടി താലൂക്ക് ടി വില്ലേജിൽ താണിക്കൽ ചാലിശ്ശേരി ജോസ് മകൻ വർഗ്ഗീസ് ജോസ്
-വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജിൽ ആലിങ്ങൽ അമ്പലത്തിന് സമിപം കളത്തിൽ വീട്ടിൽ മോഹനൻ മക്കൾ നവീൻ 4) നിധിൻ
1 & 4 വിധികടക്കാർ

നോട്ടീസ് മേൽ നമ്പർ EP യിൽ ഒന്നും നാലും വിധികടക്കാർക്കുള്ള കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപിച്ച് **8-12-2026**ന് വെച്ചിരിക്കുന്നു. തർക്കമുണ്ടെങ്കിൽ ടി തിയ്യതി രാവിലെ 11 അഡ്വക്കെറ്റ് മുഖേനയോ കോടതിയിൽ ന് നേരിട്ടോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്നും അറിയിക്കുന്നു.

എന്ന്, 23-10-2026
വിധി ഉടമ ഭാഗം അഡ്വക്കെറ്റ്
കെ എം ജോസഫ് തിയോഫിൻ (ഒപ്പ്)

കോടതി പരസ്യം

ഇരിങ്ങാലക്കുട സബ്ബ് കോടതി മുമ്പാകെ

OS 42/2017, EP 144/2018, EA: 1/2026

ജോൺസൺ -ഹരജിക്കാരൻ
ശശി മുതൽപേർ - എതിർകക്ഷി

ക്ലെയിം ഹരജിക്കാരൻ

മുകുന്ദപുരം താലൂക്ക് മാടായിക്കോണം വില്ലേജ് ടി ദേശത്ത് കോമ്പാറക്കാരൻ ജോണി മകൻ 60 വയസ്, ബിസിനസ് ജോൺസൺ

എതിർകക്ഷികൾ

1)മുകുന്ദപുരം താലൂക്ക് കാറളം വില്ലേജ് കിഴുക്കാണി ദേശത്ത് കരുമത്തിൽ ചന്ദ്രശേഖരൻ നായർ മകൻ 52 വയസ് ശശി

2) മുകുന്ദപുരം താലൂക്ക് മാടായിക്കോണം വില്ലേജ് നടുവിലാൽ ദേശത്ത് കൊടകര വീട്ടിൽ രാമൻനായർ മകൻ @ രാമകൃഷ്ണൻ മകൻ 42 വയസ് ഉണ്ണികൃഷ്ണൻ

മേൽ നമ്പറിൽ 2-ാം എതിർകക്ഷിക്കുള്ള നോട്ടീസ് ബഹു. കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപിച്ച് കേസ് **13-11-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. കേസ് കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമു ണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 ബഹു. കോടതി മുമ്പാകെ ഹാജരായി ടി ആക്ഷേപ സംഗതി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 14-10-2026
ഹരജിക്കാരൻ ഭാഗം അഡ്വക്കെറ്റ്
പി ജെ ജോബി (ഒപ്പ്)

കോടതി പരസ്യം

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 1013/2023

സഹോദര മരണാനന്തര സഹായ സംഘം
വാദി

സൂരേഷ് ബാബു മുതൽ പേർ
പ്രതികൾ

കുറി കരാർ പ്രകാരം പ്രതികളിൽ നിന്നും ലഭിക്കേണ്ട സംഖ്യകൾക്കായി ബോധിപ്പിച്ച അന്യായത്തിൽ 3-ാം പ്രതി കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് അഞ്ചപ്പാലം ദേശം, S/o ഐനിപ്പുള്ളി നാരായണൻ മകൻ സുനിൽകുമാർ എന്നവർക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ചതനുസരിച്ച് **12-11-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

എന്ന്, 20-10-2026
വാദിഭാഗം അഡ്വക്കെറ്റ്
എം എൻ സരസ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1424/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്
-പരാതിക്കാരൻ

1) സുബീന, ഉദ്ദേശം 43 വയസ് W/o സഫീർ, ആലും പൊടി ഹൗസ്, കുഴൽമന്ദം, 1 വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, ചിതലി പി ഒ. പിൻ-678702
2) സഫീർ, ഉദ്ദേശം 49 വയസ് S/o മുഹമ്മദാലി,ആലും പൊടി ഹൗസ്, കുഴൽമന്ദം, 1 വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, ചിതലി പി ഒ. പിൻ-678702
3) അക്ബർ അലി, ഉദ്ദേശം 79വയസ് S/o മുഹമ്മദ്ഖാനി, ചൂർക്കുന്ന് ഹൗസ്, കണ്ണമ്പ്ര വില്ലേജ്, ആലത്തൂർതാലൂക്ക്, പാലക്കാട് ജില്ല, കണ്ണമ്പ്ര പി ഒ. പിൻ-678686
4) നസറുദ്ദീൻ, ഉദ്ദേശം 48 വയസ് S/o കുട്ടിയപ്പ, നെല്ലിക്കൽകാട് ഹൗസ്, തേങ്കുറുശ്ശി വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, മഞ്ഞലൂർ പി ഒ. പിൻ-678502
- എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6-11-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22-10-2026
പരാതിക്കാരൻഭാഗം
അഡ്വക്കെറ്റ്
ജോഫി ജോർജ്ജ് പി. (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1425/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്
-പരാതിക്കാരൻ

1) സുലൈഖ, ഉദ്ദേശം 56 വയസ് W/o ഹംസ, വലിയകത്ത് ഹൗസ്, ചേർപ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പി ഒ ചേർപ്പ്-680561
2) ഹംസ, ഉദ്ദേശം 60 വയസ് S/o കുട്ട്യേമി, വലിയ കത്ത് ഹൗസ്, ചേർപ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പി ഒ ചേർപ്പ്-680561
3) നൗഷാദ്, ഉദ്ദേശം 48 വയസ് D/o അബ്ദു, വലിയ കത്ത് ഹൗസ്, ചേർപ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പി ഒ ചേർപ്പ്-680561
4) ഷംസുദ്ദീൻ, ഉദ്ദേശം 59 വയസ് S/o കുട്ടി, വലിയ കത്ത് ഹൗസ്, ചേർപ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പി ഒ ചേർപ്പ്-680561
5) നാഷിദ, ഉദ്ദേശം 33വയസ് W/o ലത്തീഫ്, തൈവളപ്പിൽ ഹൗസ്, ചേർപ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ ജില്ല, പി ഒ ചേർപ്പ്-680561
- എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6-11-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22-10-2026
പരാതിക്കാരൻഭാഗം
അഡ്വക്കെറ്റ്
ജോഫി ജോർജ്ജ് പി. (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1427/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്
-പരാതിക്കാരൻ

1) ബാബു കെ, ഉദ്ദേശം 44 വയസ് S/o കുഞ്ചു, പാറക്ക ടവ് ഹൗസ്, കിഴക്കഞ്ചേരി വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, മൂലംകോട് പി ഒ 678683
2) സുരേഷ്, ഉദ്ദേശം 52 വയസ് S/o കണ്ടൻ, പുളി ക്കൻ ഹൗസ്, വണ്ടാഴി വില്ലേ ജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, പി ഒ വണ്ടാഴി - 678706
3) രാധാകൃഷ്ണൻ, ഉദ്ദേശം 64 വയസ് S/o രാമൻകുട്ടി, ഏലക്കോട് ഹൗസ്, വണ്ടാഴി വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, എളവപ്പാടം പി ഒ , പിൻ- 678507
4) സുനിൽകുമാർ, ഉദ്ദേശം 43 വയസ് S/o അപ്പു, തച്ച ക്കോട് ഹൗസ്, കിഴക്കഞ്ചേ രി വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, പി ഒ വണ്ടാഴി - 678684
5) ലളിതഭായ്, ഉദ്ദേശം 65വയസ് W/o സ്വാമിനാഥൻ, പുത്തൻ വീട്ടിൽ ഹൗസ്, ഹൗ സ്, കിഴക്കഞ്ചേരി II വില്ലേജ്, ആലത്തൂർതാലൂക്ക്, പാലക്കാ ട് ജില്ല, പി. എളവം പാടം പി ഒ വണ്ടാഴി - 678684
- എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6-11-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22-10-2026
പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്
ജോഫി ജോർജ്ജ് പി. (ഒപ്പ്)